

**റവ. ഡോ. അഗസ്റ്റിൻ കല്ലേലി**
(ഡയറക്ടർ, കുടുംബ പ്രേഷിത കേന്ദ്രം, എറണാകുളം)

# ഇടയനാമം
# വിവാഹിതർക്ക് ചേരുമോ?

**ദൈ**വരാജ്യ ദൗത്യം ഈ ഭൂമിയിൽ നിർവ്വഹിക്കുവാൻ ക്രിസ്തു ഏല്പിച്ചത് തിരുസഭയെയാണ്. തിരുസഭ 'ദൈവജനമാണെന്ന്' സത്യം രണ്ടാം വത്തിക്കാൻ കൗൺസിൽ അസന്നിഗ്ദമായി പഠിപ്പിച്ചു. സഭയിലെ ഓരോ അംഗത്തിനും അവരുടേതായ പങ്ക് നിർവ്വഹിക്കാനുണ്ട്. എന്നാൽ ഈ ദൗത്യബോധം വേണ്ടത്ര വിധത്തിൽ വളർത്തുവാൻ സഭയ്ക്ക് ഇനിയും ആയിട്ടില്ല. കുടുംബത്തോട് ബന്ധപ്പെടുത്തിയാണ് ഞാനിത് പറയുന്നത്. ഉദാഹരണമായി സഭയുടെ മുഖമായ ഇടവകയിൽ അജപാലനശുശ്രൂഷയിൽ സഹായിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ഓരോ ഇടവകയിലും ഒരു ചെറിയ ശതമാനം മാത്രമാണ് ആത്മാക്കളുടെ രക്ഷ ലക്ഷ്യം വച്ച് അദ്ധ്വാനിക്കുന്നത്. ക്രിസ്തീയ വിവാഹങ്ങൾ കുടുംബകോടതി മുറികളിൽ വേർപിരിയലിനായി കാത്തുനിൽക്കുന്നു. അക്രൈസ്തവരെ വിവാഹം ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ക്രിസ്തീയ മാതാപിതാക്കളുടെ കൂടെ ജീവിച്ചിട്ടും യഥാർത്ഥ ക്രിസ്തുവിനെ പരിചയപ്പെടാതെ തിന്മയിലേക്ക് നീങ്ങുന്ന മക്കളുടെ എണ്ണം വർദ്ധിക്കുന്നു. രാഷ്ട്രീയവും സാംസ്കാരികവുമായ ലാഭത്തിനുവേണ്ടി സഭയെ ഒറ്റിക്കൊടുക്കുന്നവരുടെ മുൻപിൽ ക്രിസ്തീയ കുടുംബങ്ങൾ വെറും കാഴ്ചക്കാരായി നിലകൊള്ളുന്നു. ഈ അവസരത്തിൽ തിരുസഭയും കുടുംബവും തമ്മിലുള്ള ബന്ധം എന്താണെന്ന് പരിശോധിക്കുന്നത് ഉചിതമാണ്. ക്രിസ്തീയ വിവാഹിതർക്ക് അജപാലനശുശ്രൂഷയുണ്ടോ? അവരെ സഹഇടയരായി പരിഗണിച്ചാൽ ഫലപ്രദമായ വിധത്തിൽ സഭയ്ക്ക് ദൈവരാജ്യദൗത്യം നിർവ്വഹിക്കാനാവുമോ?

### 1. സഭയിലെ ഇടയർ

സഭ ദൈവജനമാണെന്ന് പറയുമ്പോഴും സഭയിൽ ഓരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്ന കൃപയ്ക്കും ജീവിതാന്തസ്സിനും അനുസരിച്ച് ശുശ്രൂഷയിൽ വൈവിധ്യമുണ്ട്. പൊതുവെ രണ്ടു ഗണമായിട്ടാണ് ദൈവജനത്തെ പരിഗണിക്കുന്നത്: ഇടയരും ആടുകളും (കത്തോലിക്കാ സഭയുടെ മതബോധനം, 880-913). മാർപാപ്പയും മെത്രാന്മാരും വൈദികരുമാണ് ഇടയഗണത്തിൽപ്പെടുന്നത്. തിരുവിവാഹിതർ ഉൾപ്പെടെയുള്ള അത്മായർ ആടുകളാണ്.

ബൈബിളിന്റെ വീക്ഷണത്തിൽ ക്രിസ്തുവാണ് യഥാർത്ഥ ഇടയൻ (യോഹ.10: 1-29). അവിടുന്നു വലിയ ഇടയനും (ഹെബ്രാ 13 :20) ഇടയന്മാരുടെ തലവനുമാണ് (1 പത്രോ 5:4). വിഷമിക്കുന്ന ജനത്തെ ഇടയനില്ലാത്ത കൂട്ടംതെറ്റിയ ആടുകൾ എന്നാണ് കർത്താവ് വിശേഷിപ്പിക്കുന്നത് (മത്താ 9:36). ക്രിസ്തുവാകുന്ന നല്ല ഇടയന്റെ മാതൃകയിൽ സഭയെ നയിക്കുവാൻ തന്റെ ആടുകളെ

> വി. അഗസ്റ്റിന്റെ അഭിപ്രായത്തിൽ കുടുംബനാഥൻ കുടുംബത്തിൽ മെത്രാന്റെ ഉത്തരവാദിത്വം (munus episcopale) നിർവ്വഹിക്കുന്ന വ്യക്തിയാണ്.

മേയിക്കുകയെന്നു പറഞ്ഞുകൊണ്ട് സഭയുടെ ഇടയ നേതൃത്വം ഉത്ഥിതനായ ക്രിസ്തു പത്രോസിനെ ഏല്പിച്ചു (യോഹ.21: 15-17). പാലസ്തീനായിൽ നിലനിന്നിരുന്ന സങ്കല്പമനുസരിച്ച് ഇടയ ധർമ്മത്തിൽ 5 ഘടകങ്ങളുണ്ട്: 1. ഭക്ഷണം നല്കുക (feed) 2. മേൽനോട്ടം വഹിക്കുക (oversight) 3. സംരക്ഷിക്കുക (protect) 4. നേതൃത്വം നൽകുക (lead) 5. നയിക്കുക (guide).

എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽ സഭയിലെ വിവിധ ശുശ്രൂഷകരുടെ ഗണത്തിൽ ഇടയൻ എന്ന പദം ഉപയോഗിക്കുന്നുണ്ട്. (എഫേസോസ്-4:11) ഇവിടെ ഇടയർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു ക്രിസ്തീയ വിശ്വാസ സമൂഹത്തിനു നേതൃത്വം നല്കുന്നവർ എന്നാണ്. അപ്പോൾ ഒരു ഗണത്തിന്റെ നേതാവിനു പറയുന്ന പേരാണ് ഇടയൻ. എഫേസോസിലെ ശ്രേഷ്ഠന്മാരോട് പൗലോസ് പറഞ്ഞു 'നിങ്ങളെയും അജഗണം മുഴുവനേയും പറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണ് നിങ്ങൾ' (നടപടി 20: 28). ഇടയർ ഒരു വിശ്വാസ സമൂഹത്തിന്റെ നേതാവാണ്. വിശ്വാസികൾ ചെറുസമൂഹമായി രൂപപ്പെട്ടപ്പോൾ അവരെ വിശ്വാസത്തിൽ നയിക്കുക എന്നത് ഇടയരുടെ ഉത്തരവാദിത്വമായി പരിഗണിച്ചു.

പിന്നീട് സഭയുടെ ചരിത്രത്തിൽ ഇടയധർമ്മം മെത്രാന്മാരിൽ നിക്ഷിപ്തമാക്കുകയും ഇത് സഭയിലെ ഒരു ഔദ്യോഗിക പദവിയായി മാറുകയും ചെയ്തു. മെത്രാന്റെ ഇടയധർമ്മത്തിൽ സഹകാരികളാകുന്നതുവഴിയാണ് ഒരു വൈദികൻ ഇടയനാകുന്നത്. തിരുപ്പട്ട ദാനത്തിലൂടെയാണ് സഭയിൽ ഔദ്യോഗികമായി ഈ പദവി ലഭിക്കുന്നത്. ഈ പദവിയ്ക്ക് ചില പ്രത്യേകതകളുണ്ട്. രൂപതയാകുന്ന പ്രാദേശീക സഭയിലെ വിശ്വാസ സമൂഹത്തെ നയിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ മെത്രാന്മാരും അവർ നിയോഗിക്കുന്ന വൈദീകരുമാണ്. അജപാലനം പ്രധാനമായും അവരിൽ നിക്ഷിപ്തമാണ്. ഈ ദൗത്യത്തിൽ ചിലതു ശ്രദ്ധിക്കുന്നത് ഉചിതമാണ്. ക്രിസ്തുവിന്റെ പ്രതിപുരുഷ സ്ഥാനത്ത് നിന്നു ഭരണം നടത്തുന്നതും വചനം പ്രഘോഷിക്കുന്നതും കൂദാശകൾ പരികർമ്മം ചെയ്യുന്നതും ഇടയ ധർമ്മമാണ്. (കത്തോലിക്ക സഭയുടെ മതബോധനം, 875) ഔദ്യോഗികമായ പഠനം നല്കുന്നത് ഇവരാണ്. സമൂഹത്തെ തെറ്റുകൂടാതെ വിശ്വാസത്തിലും ധാർമ്മീകതയിലും യോജിപ്പിച്ചു കൊണ്ടുപോകുന്നതും ഇവരാണ്. ഇവർ കൃപയുടെ പ്രത്യേക വിതരണക്കാരാണ്. ശുശ്രൂഷ പൗരോഹിത്യമാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്.

### 3. ഗാർഹീക സഭയിലെ ഇടയർ

തിരുവിവാഹമെന്ന കൂദാശയിലൂടെ ദമ്പതികൾ ക്രിസ്തീയ കുടുംബത്തിന് രൂപം നല്കുന്നു. ഈ കുടുംബത്തെ 'ഗാർഹീക സഭ'യായാണ് വിശേഷിപ്പിക്കുന്നത്. സഭാപിതാക്കന്മാരുടെ കാലം മുതൽ ഈ ചിന്ത നിലവിലുണ്ട് (ജോൺ ക്രിസോസ്റ്റം). രണ്ടാം വത്തിക്കാൻ കൗൺസിൽ ഇത് ഊന്നിപ്പറയുന്നുണ്ട്. കുടുംബത്തെ "ചെറിയ സഭയായി" (small church) പ്രഖ്യാപിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഇറ്റലിയിലെ ഫിയൊർദ്ദെല്ലി (Fiordelli) മെത്രാൻ നിർദ്ദേശിച്ചപ്പോൾ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. ചിലർ കുടുംബത്തെ "ചെറിയ സഭ" (minuscule ecclesiae)യായി പരിഗണിച്ചപ്പോൾ മറ്റുചിലർ "ഗാർഹിക സഭ" (ecclesia domestica) യെന്ന പ്രയോഗത്തെ പിൻതുണച്ചു. അവസാനം 'ഗാർഹികസഭ'യെന്ന പദത്തിനാണ് കൗൺസിൽ രേഖയിൽ (LG, 11) ഇടം ലഭിച്ചത്. കുടുംബത്തിന്റെ തനതായ സഭാരൂപം ഈ പ്രയോഗത്തിലൂടെ കൂടുതൽ വ്യക്തമാകുന്നു. കുടുംബം സഭയുടെ ഒരു ചെറിയ പതിപ്പുമാത്രമല്ല, കുടുംബം തന്നെ ഒരു സഭയാണ്. സഭയുടെ അടിസ്ഥാന കോശവും ലോകത്തിന്റെ നവീകരണത്തിനുള്ള പ്രധാനപ്പെട്ട സമൂഹവുമാണ് കുടുംബം. സഭയുടെ ലക്ഷ്യമായ ദൈവരാജ്യ സാക്ഷാത്ക്കാരമാണ് കുടുംബത്തിന്റേയും ലക്ഷ്യം. സഭയിൽ വച്ച് വിവാഹിതരാകുന്ന ദമ്പതികൾ കേവലം കൂട്ടിനും കുട്ടിയ്ക്കും വേണ്ടിയല്ല ജീവിക്കേണ്ടത്, മറിച്ച് ദൈവരാജ്യം വ്യാപിപ്പിക്കുവാൻ വേണ്ടിയാണ് (കുടും

ബം ഒരു കൂട്ടായ്മ, 49). ഗാർഹീക സഭ, വിശ്വസിക്കുകയും സുവിശേഷവത്ക്കരണം നടത്തുകയും ചെയ്യുന്ന ഒരു സമൂഹമാണ്. (കുടുംബം ഒരു കൂട്ടായ്മ, 51). ഗാർഹീക സഭയും തിരുസഭയും തമ്മിൽ ലക്ഷ്യത്തിൽ സാമ്യമുണ്ട്. ഈ ലക്ഷ്യം ഗാർഹീക സഭ തനതായ രീതിയിലാണ് നിർവ്വഹിക്കുന്നത്. ഓരോ കൂദാശയിലൂടെയും നല്കപ്പെടുന്ന കൃപ വ്യത്യസ്ത ഉത്തരവാദിത്വത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. മാമ്മോദീസായിലൂടെ ലഭിച്ച പൊതു പൗരോഹിത്യം വിവാഹമെന്ന കൂദാശയിലൂടെ സവിശേഷമായ വിധത്തിൽ പൂർത്തീകരിക്കപ്പെടുന്നു. കുടുംബത്തെ ഗാർഹിക സഭയായി അവതരിപ്പിക്കുമ്പോൾ സഭയിൽ നിലനില്ക്കുന്ന വ്യത്യസ്ത ശുശ്രൂഷകളും അധികാരങ്ങളും കൃപകളും തനതായ രീതിയിൽ കുടുംബത്തിൽ നല്കപ്പെട്ടിട്ടുണ്ട്. ഈ ശുശ്രൂഷകൾ വൈദീകർക്കോ, മെത്രന്മാർക്കോ, സന്യസ്തർക്കോ, ഏകസ്ഥർക്കോ പകരം ചെയ്യാനാവില്ല. അപ്രകാരം തിരുവിവാഹമെന്ന കൂദാശ സ്വീകരിച്ചവർക്ക് നല്കപ്പെട്ടിരിക്കുന്ന ശുശ്രൂഷകൾ നമുക്ക് ശ്രദ്ധിക്കാം.

1. ദമ്പതികൾ പരസ്പര സ്നേഹത്തിലൂടെ ഈ ഭൂമിയിൽ ക്രിസ്തുവിനെ അവതരിപ്പിക്കുന്നു. തിരുവിവാഹം ഒരു ദൈവവിളിയുടെ കൂദാശയാണ്. പഴയ നിയമം മുതൽ തന്നെ വിവാഹത്തെ ദൈവസ്നേഹത്തിന്റെ അടയാളമായി അവതരിപ്പിച്ചിട്ടുണ്ട് (ഹോസിയ 1-3). പുതിയ നിയമത്തിൽ, വി. പൗലോസ്ശ്ലീഹാ വിവാഹത്തെ ക്രിസ്തു-സഭാബന്ധത്തിന്റെ അടയാളമായി ചിത്രീകരിക്കുന്നു (എഫേ. 5:21-33). ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ദമ്പതികൾ പരസ്പരം സ്നേഹിക്കുന്നതുവഴി അവർ ക്രീസ്തീയ സ്നേഹത്തിന്റെ സാക്ഷികളും അവതാരകരുമാകുന്നു. ക്രിസ്തുവിന്റെ കുരിശിലൂടെ വെളിപ്പെട്ട ദൈവസ്നേഹം സ്വന്തം ജീവിതത്തിലൂടെ ദമ്പതികൾ പങ്കുവയ്ക്കുന്നു. ഓരോ ദമ്പതിയും ദൈവസ്നേഹത്തിന്റെ കഥ അനാവരണം ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു.

2. ദമ്പതികൾ പരസ്പര സ്നേഹത്തിലൂടെ വിശുദ്ധീകരിക്കുവാൻവേണ്ടി നിയോഗിക്കപ്പെട്ടവരാണ്. ക്രിസ്തുവിൽ വിവാഹിതരാകുന്ന ദമ്പതികൾ പരിശുദ്ധാത്മാവിൽ പ്രത്യേക അഭിഷേകം സ്വീകരിച്ചവരാണ്. ബ്രഹ്മചര്യമെന്നതുപോലെ തന്നെ വിവാഹവും വിശുദ്ധീകരണ പാതയാണെന്നതിൽ സംശയമില്ല. (കുടുംബം ഒരു കൂട്ടായ്മ, 56). വി. പൗലോസ് സൂചിപ്പിക്കുന്നതുപോലെ വിശ്വാസിയായ വ്യക്തിക്ക് ജീവിതസഖിയെ യഥാർത്ഥ വിശ്വാസത്തിലേക്ക് നയിക്കാൻ കഴിവുണ്ട് (1 കൊറി. 7:14). നിതാന്തമായ ജാഗ്രതയോടെ ആഴമായ സ്ഥിരോത്സാഹത്തോടെ ജീവിതസഖിയെ തിന്മയുടെ ബാധയിൽ നിന്നു മുക്തമാക്കുവാൻ വിവാഹിതർക്ക് പ്രത്യേക ദൗത്യമുണ്ട്. ക്രിസ്തുവിൽ രൂപപ്പെട്ട ആന്തരീക വ്യക്തിത്വമാണ് ഇതിനു സഹായിക്കുന്നത്.

3. ദൈവം നല്കുന്ന മക്കളെ സ്വീകരിച്ച് ക്രൈസ്തവ വിശ്വാസികളായി രൂപപ്പെടുത്തുക എന്നത് ഗാർഹീക സഭയ്ക്ക് നേതൃത്വം നല്കുന്ന തിരുവിവാഹിതരുടെ കടമയാണ്. മക്കളെ വിശ്വാസത്തിൽ പരിശീലിപ്പിക്കേണ്ട ഉത്തരവാദിത്വം പ്രഥമമായി മാതാപിതാക്കളിലാണ് (കുടുംബം ഒരു കൂട്ടായ്മ, 60). മക്കളെ കൂദാശകൾക്കായി ഒരുക്കുന്നതും അതിൽ നിലനില്ക്കുവാൻ സഹായിക്കുന്നതും ഗാർഹീക സഭയാണ്. കൂദാശകൾ വൈദീകനാണ് പരികർമ്മം ചെയ്യുന്നതെങ്കിലും കൃപയുടെ സ്വീകരണത്തിനും വളർച്ചയ്ക്കും ഏറ്റവും അധികം പിൻതുണ നല്കുന്നത് ഗാർഹീക സഭയാണ്. പുരോഹിതാർത്ഥികളുടെ പരിശീലനത്തിൽപോലും ഇത് പ്രകടമാണ്. വി.ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ പറയുന്നതുപോലെ കുടുംബാംഗങ്ങളുടെ ആത്മാക്കളുടെ രക്ഷ തിരുവിവാഹിതരെയാണ് ഏല്പിച്ചിരിക്കുന്നത്. ''തന്റെ തിരുചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്നതിനും വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമായിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു [മക്കൾ] എന്ന് നന്നായി അറിഞ്ഞുകൊൾവിൻ'' (ചാവരുൾ, 2:1). അവരെ യേശു നാമം പഠിപ്പിക്കുകയും അവർക്ക് ദൈവവചനത്തിന്റെ മാർഗ്ഗം വിളമ്പുകയും അവർക്കുവേണ്ടി ദൈവസന്നിധിയിൽ അനുദിനം മാദ്ധ്യസ്ഥം വഹിക്കുകയും, കുടുംബ പ്രാർത്ഥന മുടക്കം കൂടാതെ നടത്തുകയും ചെയ്യേണ്ട ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. കുടുംബ പ്രാർത്ഥന സഭയുടെ ആരാധനക്രമ പ്രാർത്ഥനയിലുള്ള ഉൾചേരലാണ് (കുടുംബം ഒരു കൂട്ടായ്മ, 61). ഇപ്രകാരം കുടുംബം മാമോദീസാ പൗരോഹിത്യത്തിൽ സവിശേഷമായ വിധത്തിൽ പങ്കുചേരുന്നു (കത്തോലിക്കാ സഭയുടെ മതബോധനം, 1657).

4. ഗാർഹീക സഭയുടെ ദൈവരാജ്യ ദാത്യം കുടുംബത്തിൽ മാത്രം ഒതുങ്ങുന്നില്ല. സഭ പ്രേഷിതയാകുന്നതുപോലെ ഗാർഹീക സഭയും പ്രേഷിതയാകണം. കുടുംബ ജീവിതത്തിൽ തങ്ങൾ കണ്ടുമുട്ടിയ ക്രിസ്തുവിനെ തങ്ങളായിരിക്കുന്ന മേഖലകളിൽ പ്രഘോഷിക്കുകയും ജീവിത മാതൃക വഴി ലോകത്തെ വിശുദ്ധീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം കുടുംബങ്ങൾക്കുണ്ട്. ഈ ഉത്തരവാദിത്വത്തിന് സഭാത്മകവും സാമൂഹീകവുമായ മാനങ്ങളുണ്ട്. ഇടവകയാകുന്ന സഭയോട് ചേർന്ന് അജപാലന ശുശ്രൂഷ ചെയ്യുവാൻ ഗാർഹീക സഭയ്ക്ക് കടമയുണ്ട്. അപ്രകാരമുള്ള ശുശ്രൂഷകളിൽ തനതായതും സുപ്രധാനവുമായ ശുശ്രൂഷയാണ് കുടുംബങ്ങളുടെ ശാക്തീകരണം. തകർന്ന ബന്ധങ്ങൾ ചുറ്റിലുമുള്ളപ്പോൾ ഒരോ കുടുംബവും അവയെ കൂട്ടിയിണക്കുന്ന കണ്ണിയാകണം. മാത്രമല്ല സഭയിലെ വ്യത്യസ്ത ആധ്യാത്മീക മുന്നേറ്റങ്ങൾക്കും സംഘടനകൾക്കും പ്രചോദനമായി വർത്തിക്കുകയും സാമ്പത്തീകമായും ആത്മീയമായും അവയെ പിൻതുണയ്ക്കുകയും ചെയ്യണം. അയല്പക്കക്കാരോട് സത്പ്രവർത്തികളിലൂടെ സുവിശേഷം പ്രഘോഷിക്കാത്ത കുടുംബം ഗാർഹീക സഭയല്ല. പാവങ്ങളോടുള്ള പക്ഷംചേരൽ, നീതിക്കുവേണ്ടിയുള്ള നിലപാടുകൾ എന്നിവവഴി തിരുവിവാഹിതർ ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരുന്നു (കുടുംബം ഒരു കൂട്ടായ്മ, 47). സ്വദേശത്ത്നിന്ന് വിശ്വാസികളില്ലാത്ത സ്ഥലത്തുപോയി കുടുംബമായി താമസിച്ച് വിശ്വാസി സമൂഹത്തെ രൂപപ്പെടുത്തുവാനുള്ള ഉത്തരവാദിത്വവും ഗാർഹീക സഭയിൽ നിക്ഷിപ്തമാണ്. ക്രിസ്തീയ നിലപാടുകളിലൂന്നിയ നേതൃത്വവും മൂല്യസംരക്ഷണവും വഴി സഭയ്ക്ക് പുറത്തും പ്രത്യക്ഷമായും പരോക്ഷമായും സഭയെ പ്രതിനിധീകരിക്കണം. സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന സംഘടനകൾക്ക് രൂപം നൽകണം. അല്മായർക്ക് പൊതുവേ നിശ്ചയിക്കപ്പെട്ടിരിക്കുന്ന എല്ലാ സാമൂഹിക ദൗത്യങ്ങളും തിരുവിവാഹിതർക്കും ബാധകമാണ്.

മുകളിൽ പറഞ്ഞ വിധത്തിൽ ഗാർഹീക സഭ ദൈവരാജ്യദൗത്യത്തിൽ പങ്കുചേരുന്നതിനാൽ ആ സഭയ്ക്ക് നേതൃത്വം നല്കുന്ന തിരുവിവാഹിതരെ 'ഇടയർ' എന്ന് വിശാല അർത്ഥത്തിൽ വിളിക്കുന്നത് ഉചിതമാണെന്നു തോന്നുന്നു. ഒരു ക്രൈസ്തവ സമൂഹത്തിന്റെ അജപാലനത്തെ ഊന്നി പറയുന്നതിനാലാണ് ഈ പദം തന്നെ ഉപയോഗിക്കുന്നത്.

വി. അഗസ്റ്റിന്റെ അഭിപ്രായത്തിൽ കുടുംബനാഥൻ കുടുംബത്തിൽ മെത്രാന്റെ ഉത്തരവാദിത്വം (munus episcopale) നിർവ്വഹിക്കുന്ന വ്യക്തിയാണ്. കുടുംബാംഗങ്ങളിൽ ഒരാൾപോലും വിശ്വാസത്തിൽ നിന്നും വ്യതിചലിക്കാതെ ജാഗ്രതയോടെ സംരക്ഷിക്കേണ്ടത് അദ്ദേഹത്തിന്റെ കടമയാണ് (Philip Schaff, Nicene and Post-Nicene Fathers, First Series, Vol. 6, Peabody: Hendrickson Publishers, Inc., p. 406.) ഈ ചിന്ത ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. രണ്ടാം



വത്തിക്കാൻ കൗൺസിലിനെ തുടർന്ന് എല്ലാ രൂപതകളിലും അല്മായരെ ഉൾപ്പെടുത്തി 'അജ പാലനസമിതി' രൂപീകരിച്ചിട്ടുണ്ട്. അല്മായർക്ക് ഈ സമിതിയിൽ അംഗത്വം നൽകുന്നതുവഴി അവർക്ക് അജപാലനശുശ്രൂഷയുമുണ്ടെന്ന് സഭ സൂചിപ്പിക്കുന്നു. ഈ അല്മായരുടെ ഗണത്തിൽ തിരുവിവാഹിതരും ഉൾപ്പെടും. മാത്രമല്ല, സീറോ മലബാർ സഭയുടെ പാരമ്പര്യമനുസരിച്ച് സഭ യുടെ നടത്തിപ്പിൽ കുടുംബതലവന്മാർക്ക് പ്രത്യേക പങ്കാളിത്തമുണ്ട്. പ്രതിനിധിയോഗത്തി ലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതു കുടുംബത്തലവന്മാർ ചേർന്നാണ് (എറണാകുളം-അങ്കമാലി അതിരൂപത നിയമസംഹിത, no. 25.3). മാത്രമല്ല ഇടവക പൊതുയോഗത്തിൽ കുടും ബത്തെ പ്രതിനിധീകരിക്കേണ്ടത് ഭർത്താവ്/ ഭാര്യയാണ്, അല്ലെങ്കിൽ അവർ നിയോഗിക്കുന്ന ഒരു കുടുംബാംഗമാണ് (no. 245). ഈ പങ്കാ ളിത്തത്തെ ഇടയധർമ്മത്തിന്റെ സൂചനയായി പരിഗണിക്കാമെന്ന് തോന്നുന്നു.

സഭയിൽ മെത്രാമാരെയും വൈദികരെയും സൂചിപ്പിക്കുന്ന ഇടയപദം ഗാർഹീക സഭയ്ക്ക് നേതൃത്വം നൽകുന്നവർക്കുകൂടി ഉപയോഗിക്കു മ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം.രണ്ടു കൂട്ടരുടെയും ഇടയ ധർമ്മം ഒന്നല്ല. വിശ്വാസം കൈമാറുന്നതിൽ കുടുംബങ്ങളുടെ പങ്കിനെ കു റിച്ച് വിവരിക്കുന്നിടത്ത് ജോൺ പോൾ രണ്ടാമൻ പാപ്പ ഈ കാര്യം സൂചിപ്പിക്കുന്നുണ്ട്. ദൈവ രാജ്യ ദൗത്യം പ്രത്യേകമാം വിധത്തിൽ ഇടയന്മാ രായ മെത്രന്മാർക്കും വൈദീകർക്കും നല്കപ്പെട്ടി രിക്കുന്നു. ക്രിസ്തു രഹസ്യങ്ങളുടെ ശുശ്രൂഷ കരും വിതരണക്കാരും കാര്യസ്ഥരുമായി (1കൊറി. 4:1) വി. പത്രോസിന്റ പിൻഗാമിയോട്ചേർന്ന് ദൈവജനത്തിനു അജപാലന ശുശ്രൂഷ നല്കു വാൻ അവർ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ ക്രിസ്തീയ കുടുംബവും തങ്ങളുടെ പ്രത്യേക വിളിയിലും ദൗത്യത്തിലും മുകളിൽ പ്പറഞ്ഞ 'ഇടയരുടെ ദൗത്യത്തിനു പൂരകമായി' വിശ്വാസം പകർന്നുകൊടുക്കുവാൻ നിയോഗിത രാണ് (Family is called to hand on faith, in Echiridion on the family, by pontifical council for the family, Pauline books of media, Boston, 2004 p. 859). ഇപ്ര കാരം ചിന്തിക്കുമ്പോൾ തിരുവിവാഹിതർക്ക് തന തായ വിധത്തിൽ അജപാലന ശുശ്രൂഷയുണ്ട്. ഗാർഹീകസഭയിൽ അവരെ ഇടയരായി പരിഗണി ക്കണം. തിരുവിവാഹത്തിലൂടെ ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ദാതൃത്തിൽ അവർ സവിശേഷമായ വിധത്തിൽ പങ്കുചേരുന്നു.

**4. എന്ത്കൊണ്ട് സഹഇടയർ?**

തിരുവിവാഹിതർ ഗാർഹീക സഭയിൽ ഇടയ രാണങ്കിൽ അതിരൂപത/ ഇടവകയാകുന്ന സഭ യിൽ അവർ സഹഇടയരാണ്. തിരുവിവാഹിതർ ക്ക് അവരുടേതായ ഒരു അജപാലന മേഖലയും എന്നാൽ സഭയോടു സഹകരിച്ചുകൊണ്ടുള്ള ശുശ്രൂഷയും ഉണ്ട്. ഒരു ഗാർഹീകസഭയും ദൈവ രാജ്യ ദൗത്യത്തിൽ തനിച്ചല്ല. സഭയോടു ചേർന്നു വികാരിയുടേയും മെത്രാന്റേയും സഹകാരിക ളായി വർത്തിക്കണം. അതിനർത്ഥം തിരുവിവാ ഹിതർ വൈദീകരുടെ കേവലം സഹായികൾ മാത്ര മാണെന്നല്ല. മറിച്ച്, അവരുടെ സഹകാരികൾ ആണ്. വിവാഹിതർക്കും വൈദീർക്കും അജപാ ലന ശുശ്രൂഷയിൽ അവരുടേതായ ഇടമുണ്ട്. ആ ഇടത്തിൽ അതിക്രമിച്ചുള്ള പ്രവേശനം നിക്ഷിദ്ധ മാണ്. എന്നാൽ അതേ സമയം അവർ ഒരുമിച്ച് പങ്കിടുന്ന ചില അജപാലന ഇടങ്ങളുണ്ട്. വ്യത്യസ് തയിലും ഒരുമിച്ച് നിൽക്കുന്ന ബന്ധത്തെ സൂചി പ്പിക്കുവാനാണ് 'സഹഇടയർ' എന്ന പദം ഉപയോ ഗിക്കുന്നത്.

വിവാഹിതരെ സഭയിലെ സഹഇടയരായി പരി ഗണിക്കുന്നതു വഴി ഗാർഹീകസഭയായ കുടുംബ ത്തിന്റെ ദൈവരാജ്യ ദൗത്യം കൂടുതൽ പ്രകാശ മുള്ളതാകും. കുടുംബബന്ധങ്ങൾ തകരുകയും, വിവാഹമോചനം വർദ്ധിക്കുകയും, മിശ്രവിവാഹം കൂടുകയും, സഭാവിരുദ്ധരുടെ പ്രവണത വളരു കയും, മതനിരാസം ശക്തിപ്പെടുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ഗാർഹീകസഭയുടെ ദൗത്യം വളരെ നിർണ്ണായകമാണ്. തിരുവിവാഹി തർ സഹഇടയരായി വർത്തിച്ചാൽ വൈദീകർക്ക് ഇടവകയാകുന്ന സഭയെ നയിക്കുവാൻ കൂടുതൽ പിൻതുണയും സഹകരണവും ലഭിക്കും. ഒരോ രുത്തർക്കും അവരുടെതായ മേഖലകൾ ഉള്ളതി നാൽ അധികാര തർക്കത്തിനു സ്ഥാനമില്ല. ഞാനാ ണ് സഭയെന്നതിനുപകരം നമ്മളാണ് സഭയെന്ന ചിന്തയിലേക്ക് വളരാനാകും. ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുന്നതുപോലെ സഭയെ കുടുംബങ്ങളുടെ കുടുംബമായി (സ്നേഹത്തിന്റെ ആനന്ദം, 87) വളർത്തുവാൻ 'സഹഇടയ' ദൗത്യം സഹായി ക്കും. സഹഇടയരുടെ ആദ്ധ്യാത്മീകതയെകു റിച്ച് അടുത്ത ലക്കത്തിൽ എഴുതാം.

■